# نصيحة الجمعة

## تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي .موسي الباقوي القاسمي ٩٤٤٧٤٦٥٦٤٨ :

**തീയതി: 20/10/2017** **വിഷയം: ബന്ധങ്ങൾ വിലപ്പെട്ടതാണ്.**

വിശ്വാസികൾ പരസ്പരം സ്നേഹമുള്ളവരാകണമെന്നും അതിന് ദീൻ മുന്നോട്ടുവെക്കുന്ന പദ്ധതികൾ എന്തൊക്കെ എന്നുമാണ് ക ഴിഞ്ഞ ആഴ്ച പറഞ്ഞത്.

➢ നമ്മുടെ ഏറ്റവും വലിയ ആഗ്രഹം പരലോകവിജയമാണ്. അതിന് വേണ്ടിയാണ് ത്യാഗപൂർണ്ണമായ കർമ്മങ്ങൾ നിർവ്വഹിക്കുന്നത്. തിന്മകൾ ഒഴിവാക്കുന്നതും അതിന് വേ ിയാണ്. മറ്റ് മതസ്ഥർ ചെയ്യുന്ന പല കാര്യങ്ങളും നാം ഒഴിവാക്കുന്നു. ഉദാഃ പലിശ, ലഹരി, ചൂതാട്ടം.

ഇതെല്ലാം ആരെയും ഭയപ്പെട്ടല്ല. അല്ലാഹുവിന്റെ പൊരുത്തം എന്ന ലക്ഷ്യത്തോടെ. പരലോകവിജയം എന്ന ആഗ്രഹത്തോടെ.

➢ പരലോക വിജയം നേടിത്തരുന്ന വലിയ സൽക്കർമ്മമാണ് സൗഹൃദ സന്ദർശനങ്ങൾ. കുടുംബക്കാർ, കൂട്ടുകാർ, അയൽവാസികൾ തുടങ്ങി ബന്ധങ്ങളും കടപ്പാടുകളും ഉള്ളവരെ സന്ദർശിക്കൽ ഒരു മനുഷ്യന് സ്വർഗ്ഗം നേടിക്കൊടുക്കുന്ന അമലുകളാണ്.

عَنْ أَنَسِ بْنِ مَالِكٍ ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ:" أَلا أُخْبِرُكُمْ بِرِجَالِكُمْ فِي الْجَنَّةِ؟، قَالُوا:بَلَى يَا رَسُولَ اللَّهِ،فَقَالَ:النَّبِيُّ فِي الْجَنَّةِ، وَالصِّدِّيقُ فِي الْجَنَّةِ،وَالشَّهِيدُ فِي الْجَنَّةِ ، وَالْمَوْلُودُ فِي الْجَنَّةِ،وَالرَّجُلُ يَزُورُ أَخَاهُ فِي نَاحِيَةِ الْمِصْرِ لا يَزُورُهُ إِلا لِلَّهِ عَزَّ وَجَلَّ فِي الْجَنَّةِ (طبراني)

സന്ദർശനങ്ങൾ നാലു തരമാണെന്ന് ഉലമാക്കൾ വിശദീകരിക്കുന്നു.

1. അല്ലാഹുവിന്റെ പൊരുത്തത്തിന് വേണ്ടി. 2. കാര്യ സാധ്യതക്ക് വേണ്ടി. 3.ജനങ്ങളെ ബോധിപ്പിക്കുവാൻ (ഞാൻ പോയില്ലെങ്കിൽ ജനങ്ങൾ എന്ത് വിചാരിക്കും?) 4.അവിടുത്തെ രഹസ്യങ്ങൾ ചോർത്താൻ. ഇതിൽ ആദ്യത്തേത് പ്രതിഫലാർഹം.

**عنْ عَمْرِو بْنَ عَبْسَةَ قَالَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ...حَقَّتْ مَحَبَّتِي لِلَّذِينَ يَتَزَاوَرُونَ مِنْ أَجْلِي (أحمد)**

ചരിത്രം: ഒരാൾ തന്റെ സുഹൃത്തിനെ സന്ദർശിക്കാൻ അദ്ദേഹത്തിന്റെ നാട്ടിലേക്ക് പോയി. വഴിയിൽ ഒരാളെ കണ്ടുമുട്ടി. സാമ്പത്തികമായ വല്ല നേട്ടത്തെയും ലക്ഷ്യം വെച്ചാണോ യാത്ര എന്ന് ചോദിച്ചറിഞ്ഞു. ഇല്ല. അല്ലാഹുവിന്റെ പേരിൽ ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നു. ആഗതൻ പറഞ്ഞു: ഞാനൊരു മലക്കാണ്. താങ്കളെ അല്ലാഹു സ്നേഹിക്കുന്നു എന്ന് അിറയിച്ചിരിക്കുന്നു.

**عَنْ أَبِي هُرَيْرَةَ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَّ رَجُلًا زَارَ أَخًا لَهُ فِي قَرْيَةٍ أُخْرَى فَأَرْصَدَ اللَّهُ لَهُ عَلَى مَدْرَجَتِهِ مَلَكًا فَلَمَّا أَتَى عَلَيْهِ قَالَ أَيْنَ تُرِيدُ قَالَ أُرِيدُ أَخًا لِي فِي هَذِهِ الْقَرْيَةِ قَالَ هَلْ لَكَ عَلَيْهِ مِنْ نِعْمَةٍ تَرُبُّهَا قَالَ لَا غَيْرَ أَنِّي أَحْبَبْتُهُ فِي اللَّهِ عَزَّ وَجَلَّ قَالَ فَإِنِّي رَسُولُ اللَّهِ إِلَيْكَ بِأَنَّ اللَّهَ قَدْ أَحَبَّكَ كَمَا أَحْبَبْتَهُ فِيهِ (مسلم)**

സന്ദർശനത്തിന്റെ നാല് വിഭാഗത്തിൽ അവസാനത്തേത് കുറ്റകരമാണ്.

**يَا أَيُّهَا الَّذِينَ آمَنُوا اجْتَنِبُوا كَثِيرًا مِّنَ الظَّنِّ إِنَّ بَعْضَ الظَّنِّ إِثْمٌ ۖ وَلَا تَجَسَّسُوا ﴿حجرات:١٢﴾**

മറ്റു ര ും പ്രതിഫലം നഷ്ടപ്പെടുന്ന പാഴ്സന്ദർശനങ്ങളാണ്. കാരണം ലോകമാന്യത പ്രതിഭലത്തെ നഷ്ടപ്പെടുത്തും.

ഇന്ന് കുടുംബ സന്ദർശനങ്ങൾ പോലും കുറഞ്ഞു വരികയാണ്. ഇക്കാര്യത്തിൽ ശ്രദ്ധയു ാകണം.

- ഇക്കൂട്ടത്തിൽ പ്രധാനമാണ് രോഗ സന്ദർശനം. അത് വലിയ സൽക്കർമ്മമാണ്.

عنْ ثَوْبَانَ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ : إِنَّ الْمُسْلِمَ إِذَا عَادَ أَخَاهُ الْمُسْلِمَ لَمْ يَزَلْ فِي خُرْفَةِ الْجَنَّةِ حَتَّى يَرْجِعَ (مسلم)

(خُرْفَةِ = പൂന്തോട്ടം)

മലക്കുകളുടെ പ്രാർത്ഥന ലഭിക്കാൻ കാരണമാകും.

عن عَلِيّ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ:مَا مِنْ مُسْلِمٍ يَعُودُ مُسْلِمًا غُدْوَةً إلا صَلَّى عَلَيْهِ سَبْعُونَ أَلْفَ مَلَكٍ حَتَّى يُمْسِيَ, وَإِنْ عَادَهُ عَشِيَّةً إلا صَلَّى عَلَيْهِ سَبْعُونَ أَلْفَ مَلَكٍ حَتَّى يُصْبِحَ وَكَانَ لَهُ خَرِيفٌ فِي الْجَنَّةِ (ترمذي)

➢ രോഗിയെ സന്ദർശിക്കാതിരിക്കൽ അല്ലാഹുവിന് കടുത്ത വെറുപ്പുണ്ടാക്കും.

عَنْ أَبِي هُرَيْرَةَ ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ:يَقُولُ اللَّهُ عَزَّ وَجَلَّ يَوْمَ الْقِيَامَةِ : يَا ابْنَ آدَمَ مَرِضْتُ فَلَمْ تَعُدْنِي . قَالَ: يَا رَبِّ ،كَيْفَ أَعُودُكَ وَأَنْتَ رَبُّ الْعِزَّةِ ؟ فَيَقُولُ :أَمَا عَلِمْتَ أَنَّ عَبْدِي فُلانًا مَرِضَ فَلَمْ تَعُدْهُ ، وَلَوْ عُدْتَهُ لَوَجَدْتَنِي عِنْدَهُ ... (مسلم)

അയൽവാസികളും സുഹൃത്തുക്കളും ആയ അമുസ്‌ലിമീങ്ങളെയും ഇതിൽ നിന്ന് ഒഴിവാക്കേണ്ടതില്ല. ഇന്നത്തെ സാഹചര്യത്തിൽ ഇത് വളരെ പ്രധാനമാണ്.

عَنْ أَنَسٍ رَضِيَ اللَّهُ عَنْهُ قَالَ كَانَ غُلَامٌ يَهُودِيٌّ يَخْدُمُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَمَرِضَ فَأَتَاهُ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَعُودُهُ فَقَعَدَ عِنْدَ رَأْسِهِ فَقَالَ لَهُ أَسْلِمْ فَنَظَرَ إِلَى أَبِيهِ وَهُوَ عِنْدَهُ فَقَالَ لَهُ

أَطِعْ أَبَا الْقَاسِمِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَأَسْلَمَ فَخَرَجَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَهُوَ يَقُولُ الْحَمْدُ لِلَّهِ الَّذِي أَنْقَذَهُ مِنَ النَّارِ (مسلم)

➤ ഇന്ന് പല സന്ദർശനങ്ങളും രോഗികൾക്കും പരിചാരകർക്കും ഭാരമാവുകയാണ്. തന്മൂലം സന്ദർശന മര്യാദകൾ പാലിക്കണം. സന്ദർശന സമയം ചുരുക്കൽ, രോഗിക്ക് വേ ി പ്രാർത്ഥിക്കൽ, രോഗിയോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെടൽ, രോഗിയോട് പ്രതീക്ഷയോടെ സംസാരിക്കൽ, രോഗിയെ മന്ത്രിക്കൽ, രോഗിക്ക് ഇഷ്ടമുള്ള ഭക്ഷണ പദാർത്ഥങ്ങൾ കൊടുക്കൽ.... ഇവ മര്യദകളിൽ പ്പെട്ടതാണ്.

➤ ചുരുക്കത്തിൽ വിശ്വാസികളോടുള്ള നമ്മുടെ ബാധ്യതകളെ പൂർത്തിയാക്കുക. ബന്ധങ്ങൾ മുറിയാതെ നില നിർത്തി കൊണ്ടു പോകുക. അത് നമ്മുടെ ഇമാനിന്റെ അനിവാര്യമായ ഗുണമാണ്

ചരിത്രം: ഒരിക്കൽ നബി (സ)യുടെ അടുക്കൽ ഒരു കിഴവി വന്നു. അവരെ ആദരിക്കുകയും വിശേഷങ്ങൾ ചോദിച്ചറിയുകയും ചെയ്തു.

كَيْفَ أَنْتُمْ ، كَيْفَ حَالُكُمْ ، كَيْفَ كُنْتُمْ بَعْدَنَا؟ قَالَتْ: بِخَيْرٍ بِأَبِي أَنْتَ وَأُمِّي يَا رَسُولَ اللهِ. فَلَمَّا خَرَجَتْ قُلْتُ: يَا رَسُولَ اللَّهِ تُقْبِلُ عَلَى هَذِهِ الْعَجُوزِ هَذَا الْإِقْبَالَ ؟ فَقَالَ: يَا عَائِشَةُ إِنَّهَا كَانَتْ تَأْتِينَا زَمَانَ خَدِيجَةَ ، وَإِنَّ حُسْنَ الْعَهْدِ مِنَ الْإِيمَانِ (فتح الباري)

(= എന്തൊക്കെ വിശേഷം? നാം പിരിഞ്ഞതിൽ പിന്നെ എങ്ങനെയു ്? അവർ പറഞ്ഞു: നന്മയാണ്. അവർ പോയപ്പോൾ ആയിശ(റ) ചോദിച്ചു: അവരെ വല്ലാതെ സ്വീകരിച്ചല്ലോ? തങ്ങൾ പറഞ്ഞു: അവർ പണ്ട് ഖദീജ (റ) ഉണ്ടായിരുന്ന കാലത്ത് നമ്മുടെ അടുക്കൽ വരാറു ായിരുന്നു. ബന്ധം നല്ലവിധം നില നിർത്താൻ വിശ്വാസത്തിന്റെ ഭാഗമാണ് ഖദീജ(റ) വഫാത്തായ ശേഷവും അവരുടെ കൂട്ടുകാരികൾക്ക് നബി (സ) ഇറച്ചി കൊടുത്തയക്കുമായിരുന്നു.

നാം എത്ര വലിയവരായാലും പഴയകാല സ്നേഹിതർ, നമ്മുടെ കുടുംബ സുഹൃത്തുക്കൾ കാർണവന്മാരുടെ കൂട്ടുകാർ എന്നിവരുമായുള്ള ബന്ധം, സ്നേഹം നിലനിർത്തികൊണ്ടുപോകണം.